LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട സാറാമ്മയെ ആക്രമിച്ച സംഭവം

68 [3452] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കന്നിമേൽചേരി, ഒഴുക്കുതോട് ജംഗ്ഷനിൽ പാലുവിളയിൽ ശ്രീമതി സാറാമ്മയെ വീട്കയറി ആക്രമിക്കുകയും സാറാമ്മയുടെ ഭർത്താവിനെ ആക്രമിക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) ഈ കേസിലെ പ്രതികളെ നാളിതുവരെ അറസ്റ്റുചെയ്യുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീമതി സാറാമ്മയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ ക്രൈം 60/04 യു/എസ് 452, 427, 506/(11) ഐ. പി. സി. പ്രകാരം ഒഴുക്കത്തോട് ജയന്തി കോളനിയിൽ താമസിക്കുന്ന സുഭാഷിനെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരുന്നുണ്ട്.

(ബി) ഈ കേസിലെ പ്രതി ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതിയെ അറസ്റ്റ് ചെയ്യാനുള്ള അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്.

നഗരങ്ങളിൽ പെരുകിവരുന്ന അക്രമസംഭവങ്ങൾ തടയാൻ നടപടി

69 [3454] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ പ്രത്യേകിച്ചും തിരുവനന്തപുരം നഗരത്തിൽ പെൺവാണിഭം, ഗുണ്ടാവിളയാട്ടം, മോഷണം, കവർച്ച, ബാങ്കുകൊള്ള, വീടുകളും, കടകളും കുത്തിത്തുറന്ന് കുട്ടികളെ വെട്ടിപ്പരിക്കേൽപ്പിച്ച് വിലപിടിപ്പുള്ള സാധനങ്ങൾ കടത്തിക്കൊണ്ടുപോവുക എന്നീ കുറ്റകൃത്യങ്ങൾ പെരുകുന്നത് തടയാനും ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും പോലീസ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(ബി) ഫലപ്രദമാകാത്തത് എന്തുകൊണ്ട്;

(സി) പോലീസ് യഥാർത്ഥ പ്രതികളെ കണ്ടുപിടിക്കുന്നതിനു പകരം രാത്രി കാലങ്ങളിൽ പണിക്ക് പോയി തിരികെ വരുന്നവരേയും പ്രതികളെന്ന് സംശയിച്ച് ബുദ്ധിമുട്ടിക്കുന്നത് കൂടുതൽ പ്രയാസമുണ്ടാകുന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) പോലീസ് സേനയിലെ ഒരു വിഭാഗം ക്രിമിനൽ കുറ്റകൃത്യത്തിലേർ പ്പെടുന്നവർക്ക് സഹായകരമാംവിധം അവരിൽ നിന്ന് പങ്ക് പറ്റുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരായ പോലീ സുകാരെ കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) അവർക്ക് എന്ത് ശിക്ഷ നൽകിയെന്ന് വ്യക്തമാക്കുമോ;

(ജി) ഇല്ലെങ്കിൽ എന്തു ശിക്ഷയാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യവിരുദ്ധരെ അമർച്ചചെയ്യാൻ ശക്തമായ നിയമ നടപടി കൈക്കൊണ്ടുവരുന്നു. പകലും രാത്രിയും പോലീസ് ബീറ്റ്, പട്രോൾ, റൗഡി ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി റൗഡികളെ നിരീക്ഷിക്കുന്നത്, സംശയമുള്ള സ്ഥലങ്ങളിൽ പോലീസിന്റെ പ്രത്യേക ശ്രദ്ധ, മുൻകരുതൽ അറസ്റ്റ്, നല്ല നടപ്പ് (സി. ആർ. പി. സി. 107, 110) തുടങ്ങിയ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പെൺവാണിഭം, സാമൂഹ്യവിരുദ്ധരുടെ സംഘം ചേർന്നുള്ള ആക്രമണം, സ്ഥിരം കുറ്റവാളികളുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ ഫലപ്രദമായി തടയുന്നതിന് ഇന്ന് നിലവിലുള്ള ജാമ്യ സംബന്ധമായ വ്യവസ്ഥകൾ ബുദ്ധിമുട്ടുണ്ടാ ക്കുന്നുണ്ട്. അതിനാൽ കുറ്റവാളികളെ ഒരു നിശ്ചിത കാലത്തേക്ക് തടവിൽ വയ്ക്കാൻ പോലീസിന് കഴിയുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നേമം പോലീസ് സ്റ്റേഷനിലെ പി. സി. റ്റി. 9632 ഹുസൈൻഖാൻ ഒരു മോഷണക്കേസിൽ പ്രതിയായതിനാൽ കൺട്രോൾമെന്റ് പി. എസ്. ക്രൈം 77/03 യു. എസ്. 380, 34 ഐ. പി. സി. പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ കൂട്ടുപ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മോഷണ മുതൽ കണ്ടെടുത്തിട്ടുമില്ല. പോലീസുദ്യോ ഗസ്ഥൻ സസ്പെൻഷനിലാണ്. വകുപ്പുതല അന്വേഷണം നടന്നുവരുന്നു.

2/54/2013—17.

LIBRARY ARCHIVES Kerala Legislative Assembly

(എഫ് & ജി) പോലീസുദ്യോഗസ്ഥൻ പ്രതിയായ കേസിൽ അന്വേഷണവും വിചാരണയും പൂർത്തിയാവാത്തതിനാൽ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കാൻ മാത്രമേ തൽക്കാലം നിർവ്വാഹമുള്ളൂ.

കോട്ടയം ജില്ലാ സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം

70 [3457] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചോ;

(ബി) മൂന്നുവർഷമായി നടന്നുവരുന്ന അന്വേഷണം ആഗസ്റ്റ് 14-ന് മുമ്പ് പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോട്ടയം ജില്ലാ സഹകരണ ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മൂന്ന് വിജിലൻസ് അന്വേഷണങ്ങൾ വ്യത്യസ്ത കാലങ്ങളിലായി ഉത്തരവായിരുന്നു. ഇതിൽ രണ്ടെണ്ണം പൂർത്തിയായി. 2004-ൽ ഉത്തരവായ മൂന്നാമത്തെ അന്വേഷണം നടന്നുവരുന്നു. പൂർത്തീകരിച്ച അന്വേഷണത്തിൽ ഒന്നിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു.

(ബി) കേസന്വേഷണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇളംകുളം സർവ്വീസ് സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം

71 [3458] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഇളംകുളം സർവ്വീസ് സഹകരണ ബാങ്കിൽ 4-6-1998 മുതൽ ആരംഭിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായോ;

(ബി) എങ്കിൽ അതിലെ പ്രതികൾ ആരൊക്കെയാണെന്നും അവർക്ക് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി ബന്ധമുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) അന്വേഷണം പൂർത്തിയായില്ലെങ്കിൽ 6 വർഷക്കാലമായിട്ടും അന്വേഷണം പൂർത്തീകരിക്കാൻ കഴിയാത്തതെന്തുകൊണ്ട് എന്നും പോലീസിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly